**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 453** **23-02-2022 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ആയ മെഡിസെപ് സംസ്ഥാനത്ത് നടപ്പിൽ വന്നിട്ടുണ്ടോ എന്ന് അറിയിക്കാമോ; | (എ) | പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പദ്ധതി പ്രകാരം ജീവനക്കാർ പ്രതിമാസം എത്ര രൂപയാണ് പ്രീമിയം ഇനത്തിൽ അടക്കേണ്ടത് എന്നും സർക്കാർ വിഹിതം എത്രയാണ് എന്നും വ്യക്തമാക്കാമോ; ഏത് മാസം മുതൽ ഉള്ള ശമ്പളത്തിൽ നിന്നാണ് പ്രീമിയം ഈടാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതി പ്രകാരം ജീവനക്കാർ പ്രതിമാസം 500 രൂപയാണ് പ്രീമിയം ഇനത്തിൽ അടയ്ക്കേണ്ടത്. പൂർണമായും ഗുണഭോക്താക്കളിൽ നിന്നും പ്രീമിയം ഈടാക്കി നടപ്പിലാക്കുന്ന രീതിയിലാണ് നിലവിൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തെരെഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി ഗുണഭോക്താക്കളുടെ വിവരങ്ങൾ കൈമാറി, മറ്റു നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഏത് മാസം മുതലാണ് പ്രീമിയം ഈടാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളു. |
| (സി) | പ്രതിമാസ പ്രീമിയത്തിന് അനുസരിച്ച് എത്ര രൂപയുടെ കവറേജ് ആണ് സർക്കാർ പദ്ധതി പ്രകാരം ഉറപ്പ് നൽകുന്നത് എന്ന് അറിയിക്കാമോ; ഏതെല്ലാം സ്വകാര്യ ആശുപത്രികളാണ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ; | (സി) | പദ്ധതിയുടെ കീഴിൽ വരുന്ന ആശുപത്രി ശൃംഖലയിലെ ഏതെങ്കിലും ആശുപത്രിയിൽ ഗുണഭോക്താവോ കുടുംബാംഗങ്ങളോ തേടുന്ന അംഗീകൃത ചികിത്സകൾക്ക് ഓരോ കുടുംബത്തിനും മൂന്നു വർഷത്തെ പോളിസി കാലയളവിനുള്ളിൽ പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിലാണ് അടിസ്ഥാന പരിരക്ഷ. ഇതിൽ 1.5 ലക്ഷം രൂപ ഓരോ വർഷത്തേക്ക് നിശ്ചയിച്ചിട്ടുള്ളതും ആവശ്യം വരാത്ത പക്ഷം ലാപ്സാകുന്നതുമാണ്. പ്രതിവർഷ കവറേജിൽ 1.5 ലക്ഷം രൂപ മൂന്ന് വർഷത്തെ ബ്ലോക്ക് പിരീഡിനകത്ത് എപ്പോൾ വേണമെങ്കിലും ഉപയോഗിക്കപ്പെടുന്ന തരത്തിൽ ഫ്ലോട്ടർ അടിസ്ഥാനത്തിലാണ് നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന പരിരക്ഷയിൽ (1) Procedure Cost (2) Implant Cost if any (3) Room charges എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണുള്ളത്. മേൽ സൂചിപ്പിച്ച പരിരക്ഷ കൂടാതെ പട്ടികയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിരിക്കുന്ന അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷ്വറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിൽ നിന്ന് (മൂന്നു വർഷത്തെ പോളിസി കാലയളവിനകത്ത്) വിനിയോഗിക്കാവുന്നതാണ്. 22.01.2021 ലെ പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ് പദ്ധതി നടത്തിപ്പിനായി Oriental Insurance Company Ltd. നെയാണ് തെരഞ്ഞെടുത്തത്. Request For Proposal -ലെ നിബന്ധന പ്രകാരം വിവിധ കാറ്റഗറിയിലുള്ള കേരളത്തിനകത്തും പുറത്തുമുള്ള ആശുപത്രികളുമായി ടി കമ്പനി ചർച്ച ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷമാണ് പദ്ധതിയിലുൾപ്പെടുന്ന ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് തയ്യാറാക്കുന്നത്. ആശുപത്രികളുടെ എംപാനൽമെന്റ് ലിസ്റ്റ് ഉടൻ സർക്കാരിനു സമർപ്പിക്കുന്നതാണെന്ന് Oriental Insurance Company Ltd. അറിയിച്ചിട്ടുണ്ട്. ആയതിനാൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പ്രകാരമുള്ള ചികിത്സാ ആനുകൂല്യങ്ങൾ ഏതെല്ലാം ആശുപത്രികളിൽ ലഭ്യമാകും എന്ന് എംപാനൽമെന്റ് ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ. |
| (ഡി) | ഭാര്യയും ഭർത്താവും സർക്കാർ ജോലിക്കാർ ആണെങ്കിൽ രണ്ടാളും പ്രീമിയം അടക്കണം എന്ന വ്യവസ്ഥയാണോ ഉള്ളത് എന്നും ഇത്തരത്തിൽ ഒരു കുടുംബത്തിൽ നിന്നും പ്രീമിയം തുക വർധിക്കുന്നതിന് അനുസരിച്ച് കവറേജിലും വർധന ഉണ്ടാകുമോ എന്നും വ്യക്തമാക്കാമോ; | (ഡി) | സർക്കാർ ജീവനക്കാരായ പങ്കാളികൾ രണ്ട്പേരും പ്രത്യേകമായി പ്രീമിയം അടയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. പദ്ധതി കവറേജിൽ വർദ്ധനയുണ്ടായിരിക്കുന്നതല്ല എന്നാൽ രണ്ട് പേർക്കും മാതാപിതാക്കളെ ആശ്രിതരായി ഉൾപ്പെടുത്താവുന്നതാണ്. |
| (ഇ) | കവറേജിൽ വർധന ഇല്ലെങ്കിൽ സർക്കാർ ജീവനക്കാരായ ഭാര്യയും ഭർത്താവും മെഡിസെപിൽ അംഗമാകുമ്പോൾ ഒരാളുടെ ശമ്പളത്തിൽ നിന്നും മാത്രം പ്രീമിയം അടയ്ക്കുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്താൻ സർക്കാർ തയ്യാറാകുമോ എന്ന് അറിയിക്കാമോ; | (ഇ) | പുതുക്കിയ RFP( Request For Proposal) പ്രകാരം എല്ലാ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും മെഡിസെപ് പദ്ധതിയിൽ നിർബന്ധിത അംഗത്വമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഓരോ ഗുണഭോക്താവിനും പ്രത്യേകം മെഡിസെപ് ഐ.ഡിയുമുണ്ട്. സർക്കാർ ജീവനക്കാരായ ഭാര്യയും ഭർത്താവും മെഡിസെപിൽ അംഗമാകുമ്പോൾ ഒരാളുടെ ശമ്പളത്തിൽ നിന്നും മാത്രം പ്രീമിയം അടയ്ക്കുന്ന തരത്തിൽ പദ്ധതിയിൽ മാറ്റം വരുത്തുകയാണെങ്കിൽ പോളിസി ഉടമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാകുന്നതിനാലും ആയത് പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് |

| | | | |
|---|---|---|---|
| | | | വീഴ്ചയുണ്ടാക്കുന്നതിനാലും നിലവിലെ വ്യവസ്ഥയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല. |
| (എഫ്) | പെൻഷൻകാരിൽ നിന്നും പ്രീമിയം ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ? | (എഫ്) | നിലവിൽ സംസ്ഥാന സർക്കാർ പെൻഷൻകാർക്ക് നൽകി വരുന്ന Gross entitlement -ൽ നിന്നും പ്രതിമാസ പ്രീമിയം ഇനത്തിൽ കുറവ് വരുത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ